HON'BLE MR. K. R. ELANKATH: അങ്ങിനെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നില്ല.

MR. K. P. NILAKANTA PILLAI: അഞ്ചൽ ഡിപ്പാർട്ടുമെൻറും പോസ്റ്റൽ ഡിപ്പാർട്ടുമെൻറും തമ്മിൽ ഒന്നിച്ചുചേക്കാൻപോകുന്നുവെന്നുള്ള തിനെപ്പറ്റി വല്ല അധികൃതസമാധാനവും ഗവണ്മെൻറിനു തരാനുണ്ടോ?

HON'BLE MR. K. R. ELANKATH: ഇല്ല. അഞ്ചൽവകുപ്പിനെ സംബന്ധിച്ച ചില വിവരങ്ങൾ ഇൻഡ്യാഗവണ്മെൻറ് ആവശ്യപ്പെട്ടിട്ടുള്ളതല്ലാതെ ഇതിനെ സംബന്ധിച്ച യാതൊരറിവും ഗവണ്മെൻറിന് അധികൃതമായി ലഭിച്ചിട്ടില്ല.

തിരുവിതാംകൂർ ലേബർ പാർട്ടി.

513. MR. P. K. KRIHNAN SASTRI (മീനച്ചൽ വടക്കു പുലയസംവരണം): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ ലേബർപാർട്ടി എന്നൊരു പാർട്ടി ഉണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തകർ ആരെല്ലാമെന്നും പറയുവാൻ ദയവുണ്ടാകുമോ?

(ബി) ടി പാർട്ടിയുടെ പേരിൽ ഗവണ്മെൻറിൽ നിന്നും നടപടികളെടുത്തിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിൽ എന്നും ദയവായി പറയുമോ?

(സി) ഈ നടപടികളുടെ സ്വഭാവം എന്താണെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിന് ദയവുണ്ടാകുമോ?

HON'BLE MR. N. KUNJURAMAN: (എ) തിരുവിതാംകൂർ ലേബർ പാർട്ടി എന്നൊരു പാർട്ടി ഉണ്ടായിട്ടില്ല.

(ബി), (സി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

നിർബന്ധിതവിദ്യാഭ്യാസം.

514. MR. S. KUTTAN (നെയ്യാറ്റിങ്കര കിഴക്കു ജനറൽ): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ?

(എ) നിർബന്ധിതവിദ്യാഭ്യാസം ഇതിനകം ഏതെല്ലാം താലൂക്കുകളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിർബന്ധിതവിദ്യാഭ്യാസാനുമതിയിലെ അതുകൊണ്ട് വിദ്യാലയങ്ങൾ എത്ര ?

(സി) ഷിഫ്റ്റ്സിസ്റ്റം അനുവദിച്ചുള്ള പല സ്കൂളുകളിലും ആവശ്യമുള്ള അദ്ധ്യാപകന്മാർ ഉണ്ടോ ?

HON'BLE MR. N. KUNJURAMAN : (എ) തോവാള, അഗസ്തീശ്വരം, കല്ലുമല, വിളവംകോട്, തിരുവനന്തപുരം, നെടുമങ്ങാട്, കണ്ണനൂർ, പത്തനാപുരം, പുറവൂർ എന്നീ താലൂക്കുകളിൽ.

(ബി) ഫാ ാ ാ ഫ.

(സി) മിക്കവാറും സ്കൂളുകളിൽ ഉണ്ട്. കൂടുതലായി ആവശ്യമുള്ളിടത്തു വേണ്ട അദ്ധ്യാപകന്മാരെ തിയമിച്ചുവരുന്നു.

ഷാപ്പുലേലം.

515. MR. S. KUTTAN (നെയ്യാറ്റിങ്കര ഫ—ജനറൽ) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ ?

(എ) കഴിഞ്ഞ ആഗസ്തിൽ തിരുവനന്തപുരം താലൂക്കിൽ ഷാപ്പുലേലം എപ്പോഴാണ് നടന്നത് ?

(ബി) ഷാപ്പുലേലം കഴിഞ്ഞു എത്ര നാളിനു ശേഷമാണ് മദ്യനിരോധനം, തിരുവനന്തപുരം താലൂക്കിനെ തൊട്ടു സ്ഥിതിചെയ്യുന്ന നെയ്യാറ്റിങ്കര താലൂക്കിലും മറ്റും നടപ്പാക്കിയത് ?

(സി) കഴിഞ്ഞവർഷം ഷാപ്പുലേലം കഴിഞ്ഞതിനുശേഷമല്ലേ എക്സൈസുകമ്മീഷണരെ മദ്യവർജ്ജനം സംബന്ധിച്ചുള്ള പഠനത്തിനു മദ്രാസിൽഅയച്ചത് ?

HON'BLE MR. E. K MADHAVAN : (എ) ഫ ഫ ന ഇടവം ഒ ം-ം ഒ വ-ം തീയതികളിൽ.

(ബി) ഷാപ്പുലേലം കഴിഞ്ഞു ന ദിവസത്തിനുശേഷമാണ് നെയ്യാറ്റിങ്കര താലൂക്കിലും മറ്റും മദ്യനിരോധനം നടപ്പിലാക്കിയത്.

(സി) അതെ.

ശമ്പളത്തുകയും അലവൻസും.

516. MR. S. KUTTAN : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ടാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) ഇപ്പോഴത്തെ ടാൻസ്പോർട്ട് ഡയറക്ടർക്ക് ഒ കൊല്ലങ്ങൾക്ക് മുമ്പ് എന്തു ശമ്പളം ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly